ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുവാൻ നടപടി

125 (783)ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെ ജോലി സമയം ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഏങ്കിൽ വ്യക്തമാക്കുമോ;

(സി) സർക്കാർ ആശുപത്രികളിൽ പകൽ 1 മണി കഴിഞ്ഞാൽ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഇതു പരിഹരിക്കുന്നതിനായി കൂടുതൽ ഡോക്ടർമാരെ നിയമിച്ച് മുഴുവൻ സമയവും ചികിത്സാ സൗകര്യം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. പി.എച്ച്.സികളുടെ നിലവിലുള്ള പ്രവൃത്തി സമയം രാവിലെ 8 മണി മുതൽ 11.30 വരെയും ഉച്ചയ്ക്കു 3.30 മുതൽ 5 മണി വരെയുമാണ്. എന്നാൽ ഉൾനാടൻ പ്രദേശങ്ങളിലെ പി.എച്ച്.സി. കളിൽ രാവിലെ 8 മണി മുതൽ 1.30 വരെയാണ് പ്രവർത്തന സമയം.

ഗവൺമെന്റ് ആയുർവേദ ആശുപത്രികളിലെ ഡോക്ടർമാരുടെ ജോലി സമയം രാവിലെ 8 മണി മുതൽ 11.30 വരെയും ഉച്ചയ്ക്ക് 3.3.0 മുതൽ 5 മണി വരെയുമാണ്. ആയുർവേദ/ഹോമിയോ ഡിസ്പെൻസറികളിൽ രാവിലെ 8 മണി മുതൽ 1.30 വരെയാണ് പ്രവൃത്തി സമയം.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ആശുപത്രികളിലെ ഡോക്ടർമാരുടെ ജോലി സമയം രാവിലെ 8 മണി മുതൽ ഉച്ചയ്ക്കു 1 മണി വരെയാണ്.

(സി) ഗ്രാമീണ മേഖലയിലുള്ള സർക്കാർ ആശുപത്രികളെ കുറിച്ച് അത്തരത്തിലുള്ള പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) കിടത്തി ചികിത്സയ്ക്കുള്ള ആശുപത്രികളിൽ ഡ്യൂട്ടി ഡോക്ടർമാരുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്.

"മെഡിക്കൽ കോളേജുകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമം"

126 (784)ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കോളേജുകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്;

(സി) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള ഏതെങ്കിലും അപേക്ഷകൾ മെഡിക്കൽ കൗൺസിലിന്റെ പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly